LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 14, ചൊവ്വ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2006 ഫെബ്രുവരി മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമ സഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ [*85]

വനസംരക്ഷണത്തിന് ലഭിക്കുന്ന സഹായം

1 [*85] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, എം. കുമാരൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിന് കേന്ദ്ര സർക്കാർ പ്രത്യേക സഹായം നൽകിയിട്ടുണ്ടോ ;

(ബി) വനസംരക്ഷണത്തിന് വിദേശ ഏജൻസികളുടെ സഹായത്തോടെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏതൊക്കെ ഏജൻസികളാണ് സഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2/334/2012—1

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ലോക ബാങ്ക്, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നീ വിദേശ സ്ഥാപനങ്ങളിൽ നിന്നാണ് സഹായം ലഭിച്ചിട്ടുള്ളത്.

*ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട പരിസ്ഥിതി-വനം വകുപ്പുമന്ത്രിയുടെ ആദ്യത്തെ ഉത്തരമാണ് ഇത്. ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, ലോകബാങ്ക് എന്നീ രണ്ട് സ്ഥാപനങ്ങളാണ് വനം വച്ചുപിടിപ്പിക്കുന്നതിനുള്ള വിദേശ സഹായം നല്കുന്നത്. ഏതൊക്കെ പ്രദേശങ്ങളിൽ എത്ര ഹെക്ടർ സ്ഥലത്ത് ഇവരുടെ ധനസഹായം ഉപയോഗിച്ച് വനം വച്ചുപിടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് പറയാമോ; ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റിക്കാരുടെ സഹായത്തോടുകൂടി നടത്തിയ പദ്ധതികളിലൂടെ അത്യപൂർവ്വമായ ചില ഔഷധച്ചെടികളും വനസംരക്ഷണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും നഷ്ടപ്പെട്ടുവെന്നും ഇതിന്റെ വിവരങ്ങളെല്ലാം ചോർത്തിക്കൊണ്ടു പോയെന്നും ചില രാജ്യങ്ങളെ ഔഷധച്ചെടികൾ സംബന്ധിച്ച പേറ്റന്റ് നേടാൻപോലും സഹായിച്ചുവെന്നുമുള്ള റിപ്പോർട്ടുകൾ വന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. സുജനപാൽ: കേരളത്തിലെ വനം മേഖലയുടെ സമഗ്ര വികസനത്തിനും സംരക്ഷണത്തിനുംവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി 1998 മുതൽ 2003 വരെ നടപ്പിലാക്കിയ കേരള ഫോറസ്ട്രി പ്രോജക്ട്, പെരിയാർ ടൈഗർ റിസർവ്, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നിവയുടെ സഹായത്തോടുകൂടി 1996 മുതൽ 2004 വരെ ഇന്ത്യാ എക്കോ ഡെവലപ്മെന്റ് പ്രോജക്ട്, കേരള സോഷ്യൽ ഫോറസ്ട്രി പ്രോജക്ട് എന്നീ പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ചില പത്രവാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു എന്നല്ലാതെ ഇതിനെക്കുറിച്ച് ആധികാരികമായൊന്നും ഒരു അന്വേഷണത്തിൽ നിന്നും അറിയാൻ സാധിച്ചിട്ടില്ല. ഗവേഷണ പ്രവർത്തനങ്ങൾക്കും മറ്റും നമ്മുടെ വനസമ്പത്ത് ഉപയോഗിച്ചു എന്നുള്ളതിനെക്കുറിച്ച് ആധികാരികമായ വിവരമൊന്നും വനംവകുപ്പിന് ലഭിച്ചിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: വനം സംരക്ഷണത്തിന്റെ ഭാഗമായി റിസർവ് വനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളും വന്യ മൃഗസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഒട്ടേറെ പ്രോജക്ടുകൾ നമുക്കുണ്ട്. ഇതിൽ കുറേ പ്രദേശങ്ങൾ പാട്ടത്തിന്, പ്രത്യേകിച്ച് ഒരുപാട് പേർക്ക് തൊഴിൽ കൊടുക്കുന്ന മേഖല എന്നുള്ള നിലയിൽ പ്ലാന്റേഷനുവേണ്ടി കൊടുത്ത ഒട്ടേറെ വനപ്രദേശങ്ങളുണ്ട്. ഏക്കറിന് രണ്ട് രൂപ, മൂന്ന് രൂപ നിരക്കിൽ വളരെ നിസ്സാരമായ തുകയ്ക്കാണ് സ്വകാര്യ പ്ലാന്റേഷൻ ഉടമകൾക്ക് തോട്ടങ്ങൾക്കുവേണ്ടി ഈ സ്ഥലം കൊടുത്തിരിക്കുന്നത്. എന്നാൽ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ഈ പാട്ടത്തുക വളരെ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലാണ്. ഇവർ ഈ സ്ഥലം പ്ലാന്റേഷൻ തൊഴിലാളികൾക്ക് തോട്ടം നടത്തി തൊഴിൽ കൊടുക്കുന്നതിനുപകരമായി ഏക്കറിന് ആയിരം മുതൽ പതിനായിരം രൂപ വരെ പാട്ടസംഖ്യ വാങ്ങി സബ്‌ലെറ്റ് ചെയ്തു കൊടുക്കുകയാണ്. ഇങ്ങനെ മറ്റുള്ളവർക്ക് വാഴ, കൈതച്ചക്ക, മരച്ചീനി എന്നിവ കൃഷി ചെയ്യാനായി കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാന്റേഷൻ മേഖലയിൽ ഇത്തരത്തിൽ വളരെയേറെ സ്ഥലം മറിച്ചുകൊടുത്തതിന്റെ ഫലമായി ഗവൺമെന്റിന് ഒരുപാട് നഷ്ടം സംഭവിച്ചതായി റിപ്പോർട്ടുകൾ ധാരാളം വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുമോ?

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് പാട്ടത്തിനു കൊടുത്തിട്ടുള്ള വനഭൂമിയെ സംബന്ധിച്ചാണ്. പ്ലാന്റേഷനുവേണ്ടി ഇപ്പോൾ ഫോറസ്റ്റ് വകുപ്പ് ഭൂമിയൊന്നും പാട്ടത്തിനു നല്കിയിട്ടില്ല. നേരത്തേയുള്ള കരാറനുസരിച്ച് 50 വർഷം, 99 വർഷം എന്നീ കാലാവധിക്കാണ് നൽകിയിട്ടുള്ളത്. പാട്ട സംഖ്യ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം: വനം സംരക്ഷിക്കുന്നതിനുള്ള ഏറ്റവും നല്ല ഒരു സംരംഭം കേന്ദ്രം കണ്ടെത്തി. ആ നിയമം തന്നെയാണ് കേന്ദ്ര വന നിയമം. ആ നിയമപ്രകാരം വനേതര ആവശ്യത്തിനുവേണ്ടി വിട്ടുകൊടുക്കുമ്പോൾ തത്തുല്യമായ അളവിൽ പകരം വനം വച്ചുപിടിപ്പിക്കുവാൻ നിർദ്ദേശമുണ്ട്. അത് വളരെ ശരിയാണ്. ഇതെല്ലാം ഉണ്ടായിട്ടും നമ്മുടെ വനങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ശബരിമലയുടെ കാര്യത്തിൽ വനനിയമത്തിൽ ഇളവ് വരുത്തിക്കൊണ്ടുതന്നെ നമുക്ക് വനഭൂമി വിട്ടുകിട്ടി. അത് ഏറ്റവും നല്ല കാര്യം തന്നെയാണ്. പകരമായി അതേ വിസ്തീർണ്ണത്തിൽ വനം വച്ചുപിടിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഫലപ്രദമായി അത് നടപ്പിലാക്കുവാൻ ഗവൺമെന്റ് ജാഗ്രത കാണിച്ചിട്ടുണ്ടോ?

ശ്രീ. എ. സുജനപാൽ: വനം വകുപ്പ് ഇതു സംബന്ധിച്ച് ആവശ്യമായി ബദൽ ഭൂമി വികസിപ്പിച്ചെടുക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. രണ്ട് സ്ഥലത്തെ ഭൂമിയാണ് ശബരിമലയിൽ നല്കിയിട്ടുള്ളത്. അത് ഒരു കണ്ടീഷൻ വച്ച് മാത്രമാണ്. കേന്ദ്ര വനനിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ മാത്രമേ ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളൂ. ആ കാര്യത്തിൽ കർശനമായ നിലപാടാണ് ഫോറസ്റ്റ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. നാഷണൽ അഫോറസ്റ്റേഷൻ പ്രോജക്ടിന്റെ പേരിൽത്തന്നെ കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

ശ്രീ. ബിനോയ് വിശ്വം: പല വന മേഖലകളിലും വനത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ പാവംപിടിച്ച കൃഷിക്കാർക്ക് സ്ഥിരമായ ഭീഷണിയാണ്. കാലാവസ്ഥയിലുള്ള വ്യതിയാനം, ഉരുൾപൊട്ടൽ, പ്രകൃതി ദുരന്തങ്ങൾ, കാട്ടാന ശല്യം, കാട്ടുതീ ഇതെല്ലാം ഉള്ളതുകൊണ്ട് അവരുടെ കയ്യിലുള്ള തുണ്ടു തുണ്ടു ഭൂമികൾ അവർ വനംവകുപ്പിനെ ഏല്പിക്കും. പകരം അവർക്ക് ജീവിക്കുവാൻ കഴിയുന്ന ഭൂമി വിട്ടുകൊടുത്താൽ മതി എന്നു പറയുന്ന നിർദ്ദേശവുമായി ഒരുപാട് കാലമായി ഗവൺമെന്റിന്റെ പുറകേ നടക്കുകയാണ്. സാധാരണ കൃഷിക്കാരന്റെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായ ആവശ്യമാണിത്. വനംകൊള്ളക്കാരുടെനേരെ പലപ്പോഴും കണ്ണടയ്ക്കുന്ന ഗവൺമെന്റ് എന്തുകൊണ്ടാണ് കൃഷിക്കാരുടെ ന്യായമായ ആവശ്യം ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നത്; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. സുജനപാൽ: കൃഷിക്കാരുടെ ഭൂമിയെ സംബന്ധിച്ച് ഇപ്പോൾ കേന്ദ്ര വന നിയമത്തിന്റെ പരിധിയിൽ വരുന്ന ചില നിർദ്ദേങ്ങൾ ഗവൺമെന്റ് ആലോചിച്ചു വരുന്നുണ്ട്. ഇവിടെ പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം ചെറുകിട കൃഷിക്കാരുടെ പ്രശ്നം പ്രാധാന്യമുള്ളതാണ്. ആദിവാസികളുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മാത്രമേ ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകുകയുള്ളൂ.

ശ്രീ. എം. കുമാരൻ: വനസംരക്ഷണത്തിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വനംകൊള്ള കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വനംകൊള്ള കേസുകൾ തീർപ്പുകല്പിക്കുവാൻ കാലതാമസം വന്നതിന്റെ കാരണം എന്താണെന്നും എത്ര കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. എ. സുജനപാൽ: ചോദ്യം വനസംരക്ഷണത്തിനുള്ള വിദേശ സഹായത്തെ സംബന്ധിച്ചും കേന്ദ്ര സഹായത്തെ സംബന്ധിച്ചുമാണ്. കേസുകളുടെ കണക്ക് ബഹുമാനപ്പെട്ട മെമ്പർക്ക് എത്തിച്ചുതരാം.

ശ്രീ. എം. കുമാരൻ: സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി വ്യാപകമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കിയാണ് അത് നട്ടു പിടിപ്പിക്കുന്നത്. അതിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ നടന്ന ജില്ലാതലത്തിലുള്ള ഉദ്ഘാടനം നിർവ്വഹിക്കുവാൻ അവസരം കിട്ടിയ വ്യക്തിയാണു ഞാൻ. അവിടെ വൃക്ഷത്തൈ വച്ചത് സ്ക്കൂൾ പരിസരത്തും റെയിൽവേ സ്റ്റേഷനിലും റോഡ് പുറമ്പോക്ക് ഭൂമിയിലുമാണ്. ഒരാഴ്ചകഴിഞ്ഞ് ഞാൻ ആ വഴിക്ക് പോകുന്ന സമയത്ത് അത്തരത്തിൽ നട്ട മിക്ക തൈകളും കന്നുകാലികൾ തിന്നു നശിപ്പിച്ചതായി കാണാൻ കഴിഞ്ഞു. ഇങ്ങനെ ലക്ഷങ്ങൾ മുടക്കി വൃക്ഷങ്ങൾ നട്ടുവളർത്താൻ വേണ്ടി ഗവൺമെൻറ് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അതിനെ സംരക്ഷിക്കുവാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. വനവത്കരണ പരിപാടിയിൽ ഏറ്റവും അനിവാര്യമായ ഘടകം ബഹുജനപങ്കാളിത്തമാണ്. ഇതിനെ സംരക്ഷിക്കുവാൻ പ്രാദേശിക സമിതികളുമായി സഹകരിച്ചുകൊണ്ടാണ് സോഷ്യൽ ഫോറസ്ട്രി ഈ സ്ക്കീം നടപ്പിലാക്കിവരുന്നത്. ബഹുജനങ്ങളുടെ പങ്കാളിത്തമാണ് ഇതിൽ ഉറപ്പുവരുത്തേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വനസംരക്ഷണ കാര്യത്തിലും സാമൂഹ്യ വനവത്കരണ കാര്യത്തിലുമൊക്കെ കൂടുതൽ താല്പര്യം എടുക്കണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമൊക്കെയായി

LIBRARY ARCHIVES Kerala Legislative Assembly

സഹകരിച്ചുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുജന പങ്കാളിത്തമാണ് ഇതിനകത്ത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകം.

മി. സ്പീക്കർ: പലപ്പോഴും ഒരേ കുഴിയിൽത്തന്നെ ചെടി നട്ട് ഉദ്ഘാടനം ചെയ്യേണ്ടിവരുന്നു.

ശ്രീ. പി. എസ്. സുപാൽ: ലോകബാങ്ക്, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നിവയുടെ സഹായം ഇവിടത്തെ വനവൽക്കരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ടെന്നാണ് അങ്ങ് മറുപടി നൽകിയത്. ഇത്തരം പ്രസ്ഥാനങ്ങളുടെ സഹായധനം ലഭിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടായിരുന്നോ; ആ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; എത്ര രൂപ ഈ ഇനത്തിൽ കിട്ടിയിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചു; സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് ശ്രീ. എം. കുമാരൻ ഒരു കാര്യം ഇവിടെ പറഞ്ഞു. പലപ്പോഴും വനവൽക്കരണവുമായി ബന്ധപ്പെട്ട തുക ശരിയായ നിലയിൽ വിനിയോഗിക്കപ്പെടുന്നില്ല എന്നുള്ളതിനെ സംബന്ധിച്ച് ആക്ഷേപം ഉണ്ടാകുന്നു. ഇതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ?

ശ്രീ. എ. സുജനപാൽ: ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കിയിട്ടുള്ള കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി 1995 മുതൽ 2004 വരെ ഏതാണ്ട് 16,742 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് പരാതികളെ സംബന്ധിച്ചാണ്. പരാതികൾ വന്നിട്ടുള്ളതിനെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അതിനെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: വനത്തിൽ വീണുകിടക്കുന്ന ഒരുപാട് തടികളുണ്ട്. അത് നശിച്ചു പോവുകയാണ്. വീണുകിടക്കുന്ന തടികൾ ഉപയോഗിച്ച് വായ്പകളെടുക്കാതെ തന്നെ വനസംരക്ഷണത്തിനായി ധാരാളം ഫണ്ട് കണ്ടെത്താൻ കഴിയും. ഇത് സംബന്ധിച്ച് എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സുജനപാൽ: ഫോറസ്റ്റിൽ വീണുകിടക്കുന്ന മരങ്ങളെ സംബന്ധിച്ചിടത്തോളം ചില നടപടികൾ ഫോറസ്റ്റ് വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. നിയമത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുക, പെർമിറ്റ് നൽകുക തുടങ്ങിയ കാര്യങ്ങൾ മാത്രമേ ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളൂ.

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കിയ ഇൻഡ്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്റ്റ് കേരളത്തിൽ നടപ്പാക്കിയത് പെരിയാർ തടാകത്തിലാണ്. ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുകയും ലോകബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ പെരിയാർ മോഡൽ എന്ന് അംഗീകരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ കാലാവധി അവസാനിച്ചു. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ഈ പ്രോജക്ട് തുടങ്ങി വച്ച പ്രവൃത്തികൾ തുടർന്നുകൊണ്ടു പോകുന്നതിന് പെരിയാർ ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇത് പെരിയാറിൽ മാത്രമുള്ള ഒരു സംരംഭമാണ്. വളരെ ഫലപ്രദമാണ്. വനത്തെ ആശ്രയിച്ച് ജീവിക്കുന്നവർ വനസംരക്ഷകരായി മാറിയ ഒരു അനുഭവമാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ വളരെ വിജയകരമായ ഒരു പരീക്ഷണമെന്ന നിലയിൽ മറ്റ് വനമേഖലകളിൽക്കൂടി പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ; ഇക്കാര്യത്തിൽ ലോകബാങ്കിന്റേയോ മറ്റേതെങ്കിലും രാജ്യാന്തര ഏജൻസികളുടേയോ സഹായം നേടുന്നതിന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രോജക്ട് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും അംഗീകാരം കിട്ടിയിട്ടുള്ള ഒരു പ്രോജക്ടാണ്. അതിന്റെ ഭാവിപ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി ചില സ്കീമുകൾ കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഇതിനാവശ്യമായ ചില സഹായങ്ങൾ നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ തുടർ നടപടി ആവശ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായവും വിദേശസഹായങ്ങളും ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വനസംരക്ഷണത്തിന് ലഭിക്കുന്ന സഹായം കേന്ദ്രഗവൺമെന്റിൽ നിന്നും വിദേശ ബാങ്കുകളിൽ നിന്നും മാത്രമല്ല പലപ്പോഴും ഇവിടത്തെ സാധാരണ പൗരന്മാരിൽ നിന്നും ഉണ്ടാകാറുണ്ട്. വനം കയ്യേറ്റത്തെപ്പറ്റിയും വനം കൊള്ളയെപ്പറ്റിയും ഇൻഫർമേഷൻ നൽകുന്നവർക്ക് വനം വകുപ്പ് അയ്യായിരം രൂപ പാരിതോഷികമായി നൽകാറുണ്ട്. ഇൻഫർമേഷൻ നൽകുന്നവരെ തെരഞ്ഞുപിടിച്ച് വനം കൊള്ളക്കാർ ആക്രമിക്കുന്നുണ്ട്. ആ ആക്രമണത്തെപേടിച്ചും ഈ പാരിതോഷികം വളരെ കുറവായതുകൊണ്ടും ഇൻഫർമേഷൻ ആരും നൽകാറില്ല. ഇത് പരിഹരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് എന്ത് നിലപാടാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. എ. സുജനപാൽ: ഇതു സംബന്ധിച്ച് ചില പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുക വർദ്ധിപ്പിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പാരിതോഷികം വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: വനാതിർത്തികളിൽ താമസിക്കുന്ന കൃഷിക്കാർ പ്രത്യേകിച്ച് മലയോര മേഖലയിലുള്ള കൃഷിക്കാർ വൻ ഭീഷണിയിലാണ്. കാട്ടാനകൾ നിരന്തരമായി വന്ന് ശല്യം ചെയ്ത് അവരുടെ ജീവനും സ്വത്തിനും വമ്പിച്ച ഭീഷണിയും അപകടവും സൃഷ്ടിക്കുന്ന ഞെട്ടിക്കുന്ന കാഴ്ചയാണ് അവിടെയുള്ളത്. സർവ്വതും നശിച്ചുകൊണ്ടിരിക്കുകയാണ്. ഒരുപാട് പരാതികളും നിവേദനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കാളിംഗ് അറ്റൻഷനുകളും ഉന്നയിക്കുകയുണ്ടായി. ഒരു പരിഹാരവും ഉണ്ടായിട്ടില്ല. അങ്ങയുടെ മുൻഗാമികളോട് ഒരുപാട് തവണ ഇത് ആവർത്തിച്ച് അവതരിപ്പിക്കുകയുണ്ടായി. വളരെ അടിയന്തിരമായി ഈ പ്രദേശങ്ങളിൽ വനാതിർത്തിയിൽ സോളാർ ഫെൻസിംഗ് അല്ലെങ്കിൽ ഇലക്ട്രിഫൈഡ് ഫെൻസിംഗ് നടത്തി കാട്ടാനകളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: എന്തെങ്കിലും ചോദിക്കാമെന്നു വരരുത്. പ്രധാന ചോദ്യത്തിന് അനുസരിച്ച് ചോദിക്കണം.

ശ്രീ. എ. സുജനപാൽ: കാട്ടാനകളുടെ ശല്യം ഇന്ന് വ്യാപകമായി നടക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സോളാർ ഫെൻസിംഗ് അല്ലെങ്കിൽ ഇലക്ട്രിഫൈഡ് ഫെൻസിംഗ് നടപടികളുമായി മുന്നോട്ടു പോവുകയാണ്. സാമ്പത്തിക സ്ഥിതിയാണ് ഇതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. തീർച്ചയായും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുമാത്രമല്ല, ഇപ്പോൾ ആന നശിപ്പിച്ച കൃഷിസ്ഥലങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: വനം എന്നുപറയുമ്പോൾ കാട് അടച്ച് ചോദ്യം ചോദിക്കരുത്.

ശ്രീ. മത്തായി ചാക്കോ: കേരള സംസ്ഥാനം രൂപീകരിച്ചശേഷം വനത്തിന്റെ അളവ് 28 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാലാമത്തെ വനം വകുപ്പുമന്ത്രിയാണ്. കോഴിക്കോട് ജില്ലയിൽ ഒരു ജീരകപ്പാറ വനമുണ്ട്. നിത്യഹരിത വനമാണ്. അവിടെ നടക്കുന്ന വനംകൊള്ള സംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ; ആ വനം സംരക്ഷിക്കാൻവേണ്ടി കോഴിക്കോട് ജില്ലക്കാരനായ അങ്ങ് പ്രത്യേക താല്പര്യമെടുക്കുമോ; അവിടത്തെ കേസുകളുടെ കാര്യം ശ്രദ്ധിക്കുമോ?

മി. സ്പീക്കർ: No. You need not answer. വനസംരക്ഷണത്തിന് ലഭിക്കുന്ന സഹായത്തെക്കുറിച്ചാണ് ചോദ്യം. എന്തും ചോദിച്ച് സമയം കളയാൻ പറ്റില്ല. അങ്ങനെയാണെങ്കിൽ ചോദ്യം വേണ്ടല്ലോ.

ശ്രീ. സി. മമ്മൂട്ടി: വിദേശ ഏജൻസികളുടെയും കേന്ദ്ര ഗവൺമെന്റിന്റേയും സഹായത്തോടുകൂടി ആദിവാസികളെ ഉപയോഗപ്പെടുത്തി കൃഷിചെയ്യുന്നതിനുവേണ്ടി വനത്തിൽനിന്ന് സ്ഥലം കൊടുത്തു. അങ്ങനെ പ്രൈവറ്റ് പാർട്ടിക്കും മറ്റുള്ളവർക്കും സ്ഥലം കൊടുത്ത് കൃഷിചെയ്യുന്നുണ്ട്. ഈ ദുരുപയോഗം തടയുന്നതിനുവേണ്ടി വനത്തിൽ ആദിവാസികളെ ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ കൃഷി ചെയ്യിപ്പിച്ച് നേരിട്ട് തൊഴിൽ കൊടുക്കാനും വനം സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് സമഗ്രമായ ചില പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വനസംരക്ഷണം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഘടകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനത്തിന്റെ മക്കളായ ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്താൻവേണ്ടി എസ്.സി/എസ്.ടി. വകുപ്പുമായി സംയുക്തമായി ചില പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കേരളത്തിൽ ഏതാണ്ട് എൺപതിനായിരത്തോളം ആദിവാസികൾ കാട്ടിൽ ഉണ്ടെന്നാണ് ഫോറസ്റ്റ് വകുപ്പിന്റെ കണക്ക്. ഫോറസ്റ്റ് വകുപ്പ് ആദിവാസികളുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. വനസംരക്ഷണത്തിന്റെ കാര്യത്തിൽ ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്തുള്ളവരെ പരിഗണിക്കാൻ പറ്റുകയുള്ളൂ. അതിനുവേണ്ടി എസ്.സി/എസ്.ടി. വകുപ്പുമായി ചേർന്നുള്ള പദ്ധതിയാണ് ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഔഷധ സസ്യകൃഷി ഹോർട്ടികൾച്ചർ, ഫ്ളോറികൾച്ചർ തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: വനവുമായി ചേർന്നുകിടക്കുന്ന നിരവധി ഏക്കർ ഭൂമികളുണ്ട്. ഉദാഹരണത്തിന് കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ പൂഴിത്തോട് പ്രദേശത്ത് 60 ഏക്കർ സ്ഥലം കൃഷി ചെയ്യാൻ പറ്റാത്ത നിലയിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുണ്ടായിരുന്ന കവുങ്ങ്, തെങ്ങ് എല്ലാം നശിച്ചു. വനവുമായി ചേർന്നുകിടക്കുന്ന ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുത്ത് കർഷകർക്ക് പകരം ഭൂമിയോ മറ്റ് സഹായ നടപടികളോ ചെയ്യുന്നതിന് ആലോചിക്കുമോ?

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. പി. ജെ. ജോയി: വന സംരക്ഷണത്തിനുള്ള സാമ്പത്തിക സഹായത്തിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ ഫണ്ട് ശേഖരിക്കുന്നുണ്ട്. ആ ഫണ്ട് അതാതു വനസംരക്ഷണ സമിതി തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നതനുസരിച്ചാണ് പലപ്പോഴും അംഗീകരിക്കപ്പെടുന്നത്. ഇതിന് ഒരു ഏകീകരണം വരുത്തി കാര്യമായി പണം സമാഹരിച്ച് വനം സംരക്ഷിക്കാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സുജനപാൽ: വനസംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നിരവധി പദ്ധതികൾ ഫോറസ്റ്റ് വകുപ്പ് ആവിഷ്ക്കരിക്കുന്നുണ്ട്. കേന്ദ്ര സഹായം ഉൾപ്പടെയുള്ള സഹായം ഇതിന് ലഭിക്കുന്നുണ്ട്. വളരെ സജീവമായ പ്രവർത്തനമാണ് ആ മേഖലയിൽ ഉണ്ടാകുന്നത്. ഇത് വിപുലീകരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളും പദ്ധതികളും ഫോറസ്റ്റ് വകുപ്പ് ആലോചിച്ച് വരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സ്വാഗതാർഹമായ നിർദ്ദേശമാണ്. അതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: എല്ലാം സ്വകാര്യ മേഖലയിൽ നിൽക്കുന്നു എന്ന സർക്കാരിന്റെ നയംമൂലം, വനവൽക്കരണ നടപടികളുടെ ഭാഗമായി നമ്മുടെ കാടുകളെ സ്വകാര്യ മേഖലയ്ക്ക് തുറന്ന് കൊടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നുണ്ട്. കേരളത്തിൽ ആയിരത്തിലേറെ ചതുരശ്ര കിലോമീറ്റർ വനമാണ് വർഷംതോറും

LIBRARY ARCHIVES Kerala Legislative Assembly

നശിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ 4 വർഷത്തിൽ എത്ര ചതുരശ്ര കിലോമീറ്റർ വനം നഷ്ടപ്പെട്ടിട്ടുണ്ട്; ഒപ്പം മിച്ചമുള്ള കേരളത്തിലെ വനം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്ന നടപടികളിൽനിന്നും കേരള സർക്കാൻ പിൻതിരിയുമോ?

ശ്രീ. എ. സുജനപാൽ: ഫോറസ്റ്റ് വകുപ്പിന്റെ ഒരിഞ്ചു ഭൂമി പോലും സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല; കൈക്കൊള്ളുകയും ഇല്ല. അത് അടിസ്ഥാനപരമായ നയം തന്നെയാണ്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ കർശനമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വന സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നയമാണ് കേന്ദ്ര ഗവൺമെന്റും ആവിഷ്ക്കരിക്കുന്നത്. അതുപോലെ സുപ്രീം കോടതി വരെയുള്ള കോടതികളുടെ നിർദ്ദേശവും വന സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നയമാണ്. അതുകൊണ്ട് വനഭൂമി സ്വകാര്യവൽക്കരിക്കാനുള്ള യാതൊരു നടപടിയും ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീ. സുപാൽ ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടി വ്യക്തമായിട്ടില്ല. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. നമ്മുടെ വനത്തിൽ ഒരുപാട് തടികൾ കത്തി നശിച്ചു പോകുന്നു. ഇപ്പോൾ ചൂടു വന്നപ്പോൾ, ഞാൻ അടുത്ത കാലത്ത് കണ്ടതാണ്, തീപിടിച്ചു പോകുകയാണ്. കാട്ടുതീ വരുമ്പോൾ തടികൾ വെന്തുപോകുകയാണ്. കോടിക്കണക്കിന് രൂപയുടെ തടിയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ പറയുന്നത് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യുന്നില്ലെന്നാണ്. ഈ പണം കൊടുത്താൽ മാത്രമേ ഇവർക്ക് ഇത് മാറ്റാൻ കഴിയൂ. ഇതിന് ആവശ്യമായ ഫണ്ട് അനുവദിച്ചാൽ ഒൻപത് ഇരട്ടി പണം കൂടുതൽ കിട്ടുമെന്നാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പറയുന്നത്. ഒരു കോടി രൂപയ്ക്കുവേണ്ടി പരമാവധി പത്തു ലക്ഷം രൂപയിൽ കൂടുതൽ ചെലവാക്കണ്ട. സാമ്പത്തിക ബുദ്ധിമുട്ടുള്ള ഈ അവസ്ഥയിൽ നശിച്ചു പോകുന്ന ഈ തടി മുഴുവൻ എടുത്തു വിൽക്കാൻ പുതിയ മന്ത്രിയെങ്കിലും സത്വര നടപടി സ്വീകരിക്കുമോ? ഇപ്പോൾത്തന്നെ ഒരുപാട് കത്തിപ്പോകുകയാണ്.

ശ്രീ. എ. സുജനപാൽ; ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവപൂർവ്വം ഫോറസ്റ്റ് വകുപ്പിന്റെ പരിഗണനയിലുണ്ട്. ഫോറസ്റ്റിനകത്തുള്ള ചില ഉണങ്ങിയ മരങ്ങൾ കൊണ്ടുപോകുന്നതിനിടയിൽ മറ്റ് മരങ്ങൾ വെട്ടി പോകുമോ എന്നുള്ള ആശങ്കയാണ്. വളരെ ഗൗരവപൂർവ്വം ആലോചിച്ചശേഷം മാത്രമേ ഫോറസ്റ്റ് വകുപ്പ് ഇക്കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനം കൈക്കൊള്ളുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഫണ്ടിന്റെ അഭാവം കൊണ്ടാണോ ഇത് കൊണ്ടുപോകാൻ സാധിക്കാത്തത് എന്നുള്ളത് തീർച്ചയായിട്ടും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ: വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. പഴശ്ശി രാജാവിന്റെ സൈന്യം കുറിച്യർ പടയായിരുന്നു. കാടായിരുന്നു അവർ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിരുന്നത്. സാമ്രാജ്യത്വത്തിന് എതിരായി പൊരുതിയ പഴശ്ശിയുടെ പിൻ തലമുറക്കാരാണ് കണ്ണവം ഫോറസ്റ്റിലെ വാച്ചർമാരായി ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിച്ചു. നിങ്ങൾ അവിടെയുണ്ടായിരുന്ന മുഴുവൻ ആദിവാസികളേയും ഒഴിവാക്കിയിട്ട് ഇടക്കാട്ടിലും അതുപോലെ തീരപ്രദേശങ്ങളിലും ഉള്ള സുധാകരേട്ടന്റെ ആളുകളെ അവിടെ നിയമിച്ചില്ലേ എന്ന് ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞത് സുധാകരന്റെ ആളുകളെയാണ് നിശ്ചയിച്ചിട്ടുള്ളത് എന്നാണ്. ഇപ്പോൾ മന്ത്രി പറയുന്നത് ആദിവാസികളെ പഴയ രീതിയിൽ പരിഗണിക്കുമെന്നാണ്. കണ്ണവം ഫോറസ്റ്റിൽ നൂറു കണക്കിന് വാച്ചർമാരായി ഉണ്ടായിരുന്ന ആദിവാസികളെ പിരിച്ചുവിട്ട് തീരപ്രദേശങ്ങളിലുള്ളവരെ വാച്ചർമാരാക്കിയ നിലപാട് മാറ്റിയിട്ട് ആദിവാസികളെ തന്നെ വാച്ചർമാരാക്കി നിയമിക്കുന്നതിനുള്ള തീരുമാനം എടുക്കുമോ?

ശ്രീ. എ. സുജനപാൽ: ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. നേരത്തെ ഞാൻ സൂചിപ്പിച്ച വന സംരക്ഷണ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നത് ആദിവാസികളുടെ കാര്യത്തിൽ മാത്രമാണ്. അതിനനുസരിച്ചുള്ള നിർദ്ദേശം ഫോറസ്റ്റ് വകുപ്പിന്റെ എല്ലാ മേഖലകളിലും അറിയിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കാൻ നടപടി

2 [*86] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ഡോ. തോമസ് ഐസക്ക് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൻ തകർച്ചയെ നേരിടുന്ന യൂണിറ്റുകളെ പുനരുദ്ധരിക്കുവാൻ എന്തെങ്കിലും നടപടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയാണെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly